LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരിയിൽ ബയോ കൺട്രോൾ ലാബ്

160 (1574) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിശോധനയിലാണ്.

മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

161 (1576) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടുപ്പാവിലും, വീട്ടുവളപ്പിലെ സ്ഥലപരിമിതികളിൽ കഴിയാവുന്ന വിധവും കൃഷി ചെയ്ത് പച്ചക്കറിയും കാർഷികോൽപ്പന്നങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു പറയാമോ ;

(ബി) മേൽപറഞ്ഞവിധം കൃഷി ചെയ്യുന്നവർക്ക് കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകാനും ഇവരുടെ കൃഷി വിലയിരുത്തുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മട്ടുപ്പാവിലും വീട്ടുവളപ്പിലുമുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു :

1. സ്കൂൾ വിദ്യാർത്ഥികൾ മുഖേന വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിന് 20 രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകി. ഇതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 600 ലക്ഷം രൂപയും പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 400 ലക്ഷം രൂപയും ചെലവഴിച്ചു.

2. വീട്ടമ്മമാർക്ക് കൃഷി ചെയ്യുന്നതിനായി 20 രൂപ വില വരുന്ന 5 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകി. ഇതിനായി 100 ലക്ഷം രൂപ ചെലവഴിച്ചു.

3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ വീതമുള്ള യൂണിറ്റുകൾ 75 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകിവരുന്നു. 2000 രൂപ വില വരുന്ന ഗ്രോബാഗ് യൂണിറ്റിന് 500 രൂപ കർഷകർ ഗുണഭോക്തൃ വിഹിതമായി നൽകണം. ഈ വർഷം 34784 ഗ്രോബാഗ് യൂണിറ്റുകളാണ് ഇപ്രകാരം നൽകുന്നത്. ഇതുവരെ 29896 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവയും കർഷകർക്ക് നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി മാധ്യമങ്ങൾ മുഖേന 20 രൂപ വില വരുന്ന 5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകി. ഇതിനായി 100 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ എൻ.ജി.ഒ.-കൾ മുഖേന രണ്ടര ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ ചെലവഴിച്ചു.

5. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 181.82 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്തു. ഇതിനായി 400 ലക്ഷം രൂപ ചെലവഴിച്ചു.

ഹോർട്ടികൾച്ചർ മിഷൻ മട്ടുപ്പാവിലും വീട്ടുവളപ്പിലെ സ്ഥലപരിമിതികളിൽ കഴിയാവുന്ന വിധവും കൃഷി ചെയ്ത് പച്ചക്കറിയും കാർഷിക ഉൽപ്പന്നങ്ങളും ഉണ്ടാക്കുവാൻ ശ്രമിക്കുന്നവർക്ക് ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 മുതൽ 4000 ച. മീറ്റർ വരെയുള്ള ഹൈടെക് പോളീഹൗസുകൾ നിർമ്മിക്കുന്നതിന് അംഗീകൃത ചെലവിന്റെ 75 ശതമാനം ആനുകൂല്യവും പച്ചക്കറി വികസന പദ്ധതി പ്രകാരം 40 മുതൽ 4000 ച.മീറ്റർ വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ഒരു ച.മീറ്ററിന്റെ അംഗീകൃത ചെലവായ 935 രൂപയുടെ 50 ശതമാനവും ആനുകൂല്യം അനുവദിക്കുന്നു. പച്ചക്കറി തൈകൾ വാങ്ങി നടുന്നതിനും അവയ്ക്കായി വേണ്ട ഉൽപ്പാദനോപാധികൾ വാങ്ങുന്നതിനും ഒരു ച മീറ്ററിന്റെ അംഗീകൃത ചെലവായ 140 രൂപയുടെ 50 ശതമാനം ആനുകൂല്യവും അനുവദിക്കുന്നു.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് ' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിതൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 16537 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. 2500 രൂപ വിലയുള്ള 25 ഗ്രോബാഗിന് 500 രൂപ മാത്രം ഉണഭോക്തൃവിഹിതമായി വാങ്ങിയാണ് വിതരണം ചെയ്യുന്നത്.

(ബി) വീട്ടുവളപ്പിലെ മട്ടുപ്പാവിൽ ചെറിയ തോതിൽ കൃഷി ചെയ്യുന്നവർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകാൻ ഇതുവരെ നടപടികളൊന്നുമില്ല. കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് മാത്രമേ നിലവിൽ വൈദ്യുതി സൗജന്യം ലഭിക്കാൻ അർഹതയുള്ളൂ. കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്നുണ്ട്.

രാസവള ദൗർലഭ്യം

162 (1578) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാസവളങ്ങൾക്ക് ദൗർലഭ്യം നേരിടുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നത് ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന രാസവളങ്ങൾ ഏതെല്ലാമാണ് ;

(സി) ഖാരിഫ്, റാബി സീസണുകളിലേക്ക് ആവശ്യമായ രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് എപ്രകാരമാണ് ;

(ഡി) എഫ്.എ.സി.ടി.-യിൽ യൂറിയയുടെ ഉല്പാദനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ മുൻകൈ എടുത്ത് നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly